## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം- അയർക്കുന്നം ഗ്രാമപഞ്ചായത്ത്- ആശുപത്രി കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.ജോജി.ടി.സെബാസ്റ്റ്യൻ 08.04.2019 ൽ നേരിട്ട് നൽകിയ അപേക്ഷ.

==========================================================================

**ഉത്തരവ് നമ്പർ C/655/2019/D.Dis, തീയതി : 25.04.2019.**

==========================================================================

കോട്ടയം ജില്ലയിലെ, അയർക്കുന്നം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അയർക്കുന്നം വില്ലേജിൽ, റീ സർവ്വെ നമ്പർ 319/1-3,319/3-1 ൽ പെട്ട 2220 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 1332.51 ച.മീറ്റർ വിസ്തീർണ്ണമുള്ള ആശുപത്രി കെട്ടിടത്തോട് കൂട്ടിച്ചേർത്ത് 1071.88 ച.മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടം, KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ട് നും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ ടി കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കേണ്ടതുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. ചട്ടം 56(5) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
6. ചട്ടം 56(9) പ്രകാരം ജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.
7. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
8. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
9. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ചട്ടം 47 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർ കേസ് നിർമ്മിച്ചിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പാക്കണം.

10. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും പൂർത്തിയാക്കിയ നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

11. കെട്ടിട സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ള സൗകര്യങ്ങൾ പൂർണ്ണമായും നിർദ്ദിഷ്ട കെട്ടിടത്തിൽ ലഭിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ഒക്ക്യുപ്പൻസി നൽകുന്നതിന് മുമ്പ് ഉറപ്പു വരുത്തേണ്ടതാണ്.

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിനുള്ള അംഗീകാരത്തിനാണ് അപേക്ഷ സമർപ്പിച്ചിച്ചിരിക്കുന്നത്. KPBR-2011 പ്രകാരമാണ് നിർമ്മാണം എന്ന് ഉറപ്പുവരുത്തി ചട്ടം 134 പ്രകാരം ക്രമവൽക്കരിക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ് പ്ലാൻ 24/19/KTM ഉള്ളടക്കം ചെയ്യുന്നു.

സുജ മത്തായി
ടൗൺ പ്ലാനർ

ഡോ. ജോജി ടി. സെബാസ്റ്റ്യൻ,
കോട്ടത്തിൽ വീട്
അയർക്കുന്നം പി.ഒ., കോട്ടയം
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :-

1. സെക്രട്ടറി, അയർക്കുന്നം ഗ്രാമപഞ്ചായത്ത്.
2. അധികം-1

നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

DESPATCHED
DATE ........

MD/25.04.19